"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി **2025-26** – കാസർഗോഡ് ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോഴ്സ് ലിമിറ്റഡ് നം. എസ് **39** ന് അനുവദിച്ച ധനസഹായം റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**485/2025/Co-Op** തീയതി,തിരുവനന്തപുരം, **05-11-2025**

---

പരാമർശം:- 
1. **13/05/2025** വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
2. സഹകരണ സംഘം രജിസ്ട്രാറുടെ **30/06/2025** ലെ ആർ.സി.എസ്/**12247/24** പി **&** എം ബി **(1)** നം. കത്ത്.
3. സ.ഉ.(സാധാ)നം.**332/2025**/സഹ തീയതി **14/07/2025.**
4. സർക്കുലർ നം.**35/2024**/ധന തീയതി **12/06/2024**

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോഴ്സ് ലിമിറ്റഡ് നം. എസ്. **39** ന്, കൺസ്യൂമർ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും ഉള്ള ധനസഹായ പദ്ധതി പ്രകാരം പയസ്വനി കോക്കനട്ട് പ്രോഡക്ട്സ് എന്ന വെളിച്ചെണ്ണ ഉൽപ്പാദന കേന്ദ്രത്തിന്റെ വിപുലീകരണത്തിനായി **25.00** ലക്ഷം രൂപ (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) **4425-108-45-34-3** - ഓഹരി ശീർഷകത്തിൽ നിന്നും **2025-26** സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം **(3)** പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**2.** പ്രസ്തുത തുക റിലീസ് ചെയ്യുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ

സ്റ്റോഴ്സ് ലിമിറ്റഡ് നം. എസ്. **39** ന്, കൺസ്യൂമർ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും ഉള്ള ധനസഹായ പദ്ധതി പ്രകാരം പയസ്വനി കോക്കനട്ട് പ്രോഡക്ട്സ് എന്ന വെളിച്ചെണ്ണ ഉൽപ്പാദന കേന്ദ്രത്തിന്റെ വിപുലീകരണത്തിനായി നിലവിലെ സീലിംഗ് പരിധിയിൽ പരിമിതപ്പെടുത്തിക്കൊണ്ട് **4425-108-45-34-3** - ഓഹരി ശീർഷകത്തിൽ നിന്നും **4.6** ലക്ഷം രൂപ (നാല് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) **2025-26** സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പരാമർശം **(4)** ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട്, പ്രസ്തുത തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും **2025-26** സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി**1/51/2023**/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി**3/141/2025**)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 06-11-2025 12:38:50

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.